"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.259/2024/CLAD    തീയതി,തിരുവനന്തപുരം, 25-05-2024

---

പരാമർശം:-
1. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 17.04.2024 -ലെ 1176/ഇ4/2023/എസ്. ഐ. ഇ.പി നമ്പർ കത്ത്.
2. 07.05.2024- ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിവിഹിതമായി “2202-05-102-98-36(പ്ലാൻ) "എന്ന ശീർഷകത്തിൽ 1,40,00,000/-(ഒരു കോടി നാല്പത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി വിഹിതം ചെലവഴിച്ച് വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പി ലാക്കുന്നതിനുള്ള ഭരണാനുമതിയ്ക്കായി കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. 07.05.2024 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത ശിപാർശ വിശദമായി പരിശോധിച്ച് അംഗീകാരം നൽകകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ "2202-05-102-98-36(പ്ലാൻ) എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള 1,40,00,000/-(ഒരു കോടി നാല്പത് ലക്ഷം രൂപ മാത്രം)വിനിയോഗിച്ച് ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി വിവിധ പദ്ധതി നിർവ്വഹണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | തുക ലക്ഷത്തിൽ |
|---|---|---|
| 1 | സർവ്വവിജ്ഞാനകോശം 19 (ഭാഗികം) | 20 |
| 2 | സർവ്വവിജ്ഞാനകോശം 20 | 4 |
| 3 | മലയാളം സർവ്വകലാശാലയുമായി സഹകരിച്ച് പ്രസിദ്ധീകരിക്കുന്ന സമൂഹശാസ്ത്രചിന്തകർ, സംസ്കാര പൈതൃക പഠനം, ഹസ്ത ലിഖിത | |

| | | |
|---|---|---|
| | വിജ്ഞാനീയം,സാമൂഹിക ക്ഷേമവും വികസനവും,വിവർത്തനപഠനം, താരതമ്യ സാഹിത്യം,ചലച്ചിത്ര പ്രസ്ഥാനങ്ങൾ, അടിസ്ഥാന ചലച്ചിത്ര സിദ്ധാന്തങ്ങൾ, ചലച്ചിത്ര നിർമ്മാണവും സാങ്കേതികതയും, കാലാവസ്ഥാവ്യതിയാനം, സൈദ്ധാന്തിക ഫോക് ലോർ, ഇലക്ട്രോണിക് മാധ്യമ വിജ്ഞാനീയം,കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ, പരിസ്ഥിതി വിജ്ഞാനകോശം (രണ്ടാം പരിഷ്കരണം) എന്നീ വിഷയങ്ങളിലുള്ള ലഘുവിജ്ഞാനകോശങ്ങളുടെ പ്രസിദ്ധീകരണം | 20 |
| 4 | ശ്രീനാരായണഗുരു വിജ്ഞാനകോശം, സ്ത്രീമുന്നേറ്റ ചരിത്രം എന്നീ ഏകവാല്യങ്ങളുടെയും ദലിത് സാഹിത്യം, കേരളത്തിന്റെ പാരിസ്ഥിതിക ചരിത്രം എന്നീ ലഘുവിജ്ഞാനകോശങ്ങളുടെയും പ്രസിദ്ധീകരണം | 4 |
| 5 | മഹാകവി കുമാരനാശാൻ വിജ്ഞാനകോശം, നിർമ്മിത ബുദ്ധി, ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യം, സമുദ്രജൈവ വൈവിധ്യവും സമ്പദ് വ്യവസ്ഥയും, വൈക്കം സത്യാഗ്രഹം എന്നീ വിഷയാധിഷ്ഠിത ലഘു വിജ്ഞാനകോശങ്ങളുടെ പ്രസിദ്ധീകരണം | 15 |
| 6 | കേരള വിജ്ഞാനകോശം (ഓൺലൈൻ എഡിഷൻ) | 3 |
| 7 | നൂതനസാങ്കേതികവിദ്യ ഉൾപ്പെടുത്തി സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിവർത്തനം (യൂ ട്യൂബ് ചാനൽ, വെബ് പോർട്ടൽ നിർമ്മാണം ഉൾപ്പെടെ) | 10 |
| 8 | വൈജ്ഞാനികം ജേണലിന്റെ പ്രസിദ്ധീകരണം | 5 |
| 9 | സെമിനാറുകൾ,ശില്പശാലകൾ, പ്രസംഗങ്ങൾ എന്നിവ അനുസ്മരണ തീയതികളുടെ നിരീക്ഷണം മുതലായവ | 3 |
| 10 | അടിസ്ഥാന സൗകര്യ വികസനം, ഓട്ടോമേഷൻ, പുസ്തകങ്ങൾ വാങ്ങൽ, ഗവേഷണ കേന്ദ്രമായി ലൈബ്രറിയുടെ നിലവാരം ഉയർത്തൽ | 1.5 |
| 11 | അറിവരങ്ങ് | 3 |
| 12 | ഓഫീസ് ഓട്ടോമേഷനും നവീകരണവും | 10 |
| 13 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സോഫ്റ്റ്‌വെയറുകളും മറ്റ് സാമഗ്രികളും വാങ്ങൽ | 4 |
| 14 | വാല്യങ്ങളുടെ പ്രചാരണം | 12 |
| 15 | പരസ്യക്കൂലി | 1.5 |
| 16 | സർവ്വവിജ്ഞാനകോശം 18-ാം വാല്യം ബാക്കി അച്ചടിക്കൂലി (ഭാഗികം) | 5 |
| 17 | മൂലക വിജ്ഞാനകോശം ഓഡിയോ ബുക്ക് | 2 |
| 18 | മൂലകവിജ്ഞാനകോശം അച്ചടിക്കൂലി | 17 |
| | **ആകെ** | **140** |

ഇപ്രകാരം പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവ് താഴെപ്പറയുന്ന നിബന്ധനകൾക്ക് കൂടി വിധേയമായിരിക്കും .

1. പദ്ധതി നടത്തിപ്പിലേയ്ക്ക് നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്.

2 പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട purchase-കൾ (ITഅനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) store purchases റൂൾസിനും IT procurement guidelines-നും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

3. പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവഹണ ഏജൻസിയ്ക്ക് release ഓർഡർന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ പിൻവലിച്ച് നൽകേണ്ടതാണ്. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

4. തുകയുടെ ശരിയായ വിനിയോഗം യഥാസമയങ്ങളിൽ കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മേൽനോട്ടം വഹിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുമ്പോൾ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ധനവിനിയോഗ പത്രികയും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
ചീഫ്, സോഷ്യൽ സർവ്വീസസ് ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസ - സി) വകുപ്പ്
സാംസ്കാരികകാര്യ (ബി) വകുപ്പ്
ഡയറക്ടർ, ഐ & പി.ആർ.(വെബ് & ന്യൂ മീഡിയ വിഭാഗം) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (C1/90/2024-CLAD)

ഉത്തരവിൻ പ്രകാരം
Signed by
Mini T R
സെക്ഷൻ ഓഫീസർ
Date: 27-05-2024 09:59:06

പകർപ്പ് :-സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി. എസ്. ന്